## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *539** **26.10.2016-ൽ മറുപടിയ്ക്ക്**

## തൊഴിൽ വൈദഗ്ദ്ധ്യമുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളുടെ അഭാവം

**ചോദ്യം**

ശ്രീ.എൻ. ഷംസുദ്ദീൻ
ശ്രീ.എൻ .എ.നെല്ലിക്കുന്ന്
ശ്രീ. പി.ഉബൈദുള്ള
ശ്രീ.സി.മമ്മൂട്ടി

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവം മൂലം, പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്ത പല തസ്തികകളിലും അർഹതപ്പെട്ടവരില്ലാത്ത അവസ്ഥ, ഈ വിഭാഗത്തിലെ യുവതീയുവാക്കളുടെ അവസരം നഷ്ടപ്പെടുത്തുവാൻ ഇടയാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്രത്യേക നിയമനം നടത്തുന്നതിന് സർക്കാർ തലത്തിൽ ഹൈലെവൽ കമ്മിറ്റി വിളിച്ച് ചേർക്കുകയും ഈ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ യോഗ്യത തിരിച്ചുള്ള "DATA BANK" പ്രോജക്ട് ഓഫീസ്, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ മുഖേന തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രത്യേക നിയമനത്തിന് പരിഗണിക്കുന്നതിനായി മറ്റു വകുപ്പുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതു പരിഹരിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| സി) | അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗത്തിൽപ്പെട്ട ചെറുപ്പക്കാർക്ക് വിദഗ്ദ്ധ തൊഴിൽ മേഖലകളിൽ പരിശീലന/ തൊഴിൽ പരിചയ സൗകര്യങ്ങളൊരുക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) | പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 15 സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 8 തയ്യൽ പരിശീലന കേന്ദ്രങ്ങളും, 2 മരപ്പണി പരിശീലന കേന്ദ്രങ്ങളും, 1 പ്രൊഡക്ഷൻ കം ട്രെയിനിംഗ് |

| | | | |
|---|---|---|---|
| | | | സെന്ററും, 2 ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്കൂളുകളും, 2 ഇൻഡസ്ട്രീയൽ ട്രെയനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമാണ് പ്രവർത്തിക്കുന്നത്.<br>കൂടാതെ ബാംഗ്ലൂർ ആസ്ഥാനമായുള്ള നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) വഴി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 3 വർഷത്തെ ഡിപ്ലോമ കോഴ്സുകളും 1 വർഷത്തെയും 2 വർഷത്തെയും സർട്ടിഫിക്കറ്റ് കോഴ്സുകളും പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരുന്നു.<br>കെൽട്രോണിന്റെ സഹായത്തോടെ നെറ്റ് വർക്ക് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടറൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ എന്നിവയിൽ ട്രെയിനിംഗ്, ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഡ്രൈവിംഗ് പരിശീലനം, കെ.ടി.ഡി.സിയുമായി സഹകരിച്ച് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് ട്രെയനിംഗ്, കേന്ദ്രഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയം സ്പോൺസർ ചെയ്യുന്ന വസ്ത്ര നിർമ്മാണ മേഖലയിൽ പരിശീലനം എന്നിവ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ